LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മാണം

346(3271) ശ്രീ. പാലോട് രവി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, ടാറിനോടൊപ്പം ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്ന റോഡുകളുടെ ഗുണമേന്മ പഠനവിധേയമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം റോഡുകളാണ് ഇങ്ങനെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തെക്കുറിച്ച് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഗവേഷണ പഠനം നടത്തുകയും തിരുവനന്തപുരം റോഡ്സ് ഡിവിഷനു കീഴിലുള്ള പുല്ലാന്നിവിള - ചാവടിമുക്ക് റോഡ് 2006 ജനുവരിയിൽ 500 മീറ്റർ നീളത്തിൽ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് ഉപരിതലം മെച്ചപ്പെടുത്തുകയും ചെയ്യുകയുണ്ടായി. ഈ റോഡിന്റെ ഗുണനിലവാരം 6 വർഷത്തോളം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠന വിധേയമാക്കുകയും സാങ്കേതികമായി വിജയമാണെന്ന് തെളിയിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) ഇപ്പോൾ ഇത്തരത്തിലുള്ള പദ്ധതികളൊന്നും നിലവിലില്ല.

മണക്കായിക്കടവ് പാലത്തിന്റെ നിർമ്മാണം

347(3272) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധർമ്മടം നിയോജകമണ്ഡലത്തെയും മട്ടന്നൂർ നിയോജക മണ്ഡലത്തെയും ബന്ധിപ്പിക്കുന്ന മണക്കായിക്കടവ് പാലത്തിന്റെ നിർമ്മാണം മുടങ്ങിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;